**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം- ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. സന്ധ്യ. വി.സി യ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**503/2017/**തസ്വഭവ. തീയതി, തിരുവനന്തപുരം.**21.02.2017**

---

പരാമർശം: 1) 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.11.2015 ലെ ഇ 3-528/2011 നമ്പർ സാക്ഷ്യപത്രം.

3) ശ്രീമതി. സന്ധ്യ.വി.സി യുടെ 01.01.2016 ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 29.05.2015, 29.01.2016 എന്നീ തീയതികളിലെ ഇ 6-17360/13 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള ശ്രീമതി. സന്ധ്യ. വി.സി പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി. സന്ധ്യ. വി.സി Factories and boilers വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ച് വരുകയാണെന്നും പ്രസ്തുത തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുമ്പോൾ retrench ചെയ്യപ്പെടുകയും അക്കാരണത്താൽ service break ഉണ്ടാകുകയും ചെയ്യുമെന്നതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രവേശനക്കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ക്ലാർക്ക് തസ്തികയിലെ ഒഴിവ് ടിയാൾക്കായി മാറ്റിവച്ചിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ശ്രീമതി. സന്ധ്യ. വി.സി ക്ക് 12.11.2015 മുതൽ 45 ദിവസത്തേക്ക് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രവേശനകാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമിതയായിട്ടും retrench ചെയ്യപ്പെടും എന്ന കാരണത്താൽ ജോലിയിൽ

പ്രവേശിക്കാൻ കഴിയാത്തതിനാലും, ടിയാളുടെ സീനിയർമാർക്ക് പുനർനിയമനം ലഭിച്ച സാഹചര്യത്തിലും അടിയന്തിരമായി ജോലിയിൽ പ്രവേശിക്കുന്നതിനായി, ശ്രീമതി. സന്ധ്യ. വി.സി യ്ക്ക് 12.11.2015 മുതൽ ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതുവരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളെ ഉടൻതന്നെ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

5. ശ്രീമതി. സന്ധ്യ. വി.സി യുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ എസ് & എസ് എസ് ആർ ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എസ്. മോഹൻദാസ്**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്. ആലപ്പുഴ.
ശ്രീമതി. സന്ധ്യ. വി.സി. സബീഷ് നിവാസ്. എസ്.എൽ.പുരം. പി.ഒ. ആലപ്പുഴ
(രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ് (ഇപിഎ 1/65/16/സ്വഭവ നമ്പർ ഫയൽ)

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ